"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഭവനനിർമ്മാണ വകുപ്പ്- ബജറ്റ് 2025-26-സംസ്ഥാന ഭവന നിർമ്മാണ ബോർഡ്- ഗൃഹശ്രീ ഭവന പദ്ധതി- തുക അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭവനനിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.43/2025/HSG തീയതി,തിരുവനന്തപുരം, 07-10-2025

---

പരാമർശം:- 1. സ. ഉ. (സാധാ) നം. 19/2025/ഭവനം തീയതി 27.06.2025

2. 13.08.2025-ലെ ഭവന നിർമ്മാണ ബോർഡ് സെക്രട്ടറിയുടെ KSHB-HO/382/2025-AF1 നം. കത്ത്.

ഉത്തരവ്

2025-26 സാമ്പത്തിക വർഷം 4216-80-190-96 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 24 കോടി രൂപ വിനിയോഗിച്ച് സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഗൃഹശ്രീ ഭവന പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്.

2. ഗൃഹശ്രീ ഭവന പദ്ധതിയുടെ 2024-25 സാമ്പത്തിക വർഷം വരെയുള്ള ഗുണഭോക്താക്കൾക്ക് സബ്സിഡി വിതരണം മുടങ്ങിയിരിക്കുന്ന സാഹചര്യത്തിൽ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ബാക്കി നല്കുവാനുള്ള സർക്കാർ സബ്സിഡി തുകയായ 16,76,50,000/-രൂപ അടിയന്തിരമായി റിലീസ് ചെയ്ത് നല്കണമെന്ന് ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഗൃഹശ്രീ ഭവന പദ്ധതി നടപ്പിലാക്കുന്നതിനായി 4216-80-190-96(P) എന്ന ശീർഷകത്തിൽ നിന്നും 5,00,00,000/-രൂപ (അഞ്ചുകോടി രൂപ മാത്രം) ചുവടെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

1. 16.04.2018-ലെ സ. ഉ. (പി) നം. 62/2018/ധന-യിലെ വ്യവസ്ഥയ്ക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.
2. 09.12.2008-ലെ സർക്കുലർ നം. 84/2008/ധനയും 30.01.2018-ലെ സർക്കുലർ നം. 08/2018/ധന-യിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.
3. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ. ഉ. (കൈ) നം. 04/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുമ്പ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്.
4. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ

അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ് പ്രവീൺ

അഡിഷണൽ സെക്രട്ടറി

1. സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. ധനകാര്യ (പി. യു.സി) വകുപ്പ് (3204564/PU-C3/109/2025- Fin dated 06.10.2025)
5. വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Krishnakumar S

Date: 07-10-2025 16:50:41

സെക്ഷൻ ഓഫീസർ